©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 4 / Vol. IV | തിരുവനന്തപുരം, വെള്ളി / Thiruvananthapuram, Friday | 2015 ഏപ്രിൽ 10 / 10th April 2015 — 1190 മീനം 27 / 27th Meenam 1190 — 1937 ചൈത്രം 20 / 20th Chaithra 1937 | നമ്പർ / No. | 816 |


## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-ബി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 6764/ലെഗ്.ബി1/2015/നിയമം. *തിരുവനന്തപുരം, 2015 ഏപ്രിൽ 10*
*1190 മീനം 27/*
*1937 ചൈത്രം 20.*

2015 ഏപ്രിൽ 10-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെ പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. രമണി,
*നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.
33/1392/2015/S-13.

**2015-ലെ 5-ാം നമ്പർ ഓർഡിനൻസ്**

## 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

കേരള സംസ്ഥാനത്തിലെ ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ മറ്റ് വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങൾക്കുവേണ്ടി ഉദ്യോഗാർത്ഥികളുടെ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനായി സ്വയംഭരണാവകാശത്തോടുകൂടിയ ഒരു ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—2014-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ് (2014-ലെ 10) 2014 മാർച്ച് 1-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2014 ജൂൺ 9-ാം തീയതി ആരംഭിച്ച് 2014 ജൂലൈ 17-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി, 2014-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ് (2014-ലെ 14) 2014 ജൂലൈ 20-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2014 ഡിസംബർ 1-ാം തീയതി ആരംഭിച്ച് 2014 ഡിസംബർ 18-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും ;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി, 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ് (2015-ലെ 1) 2015 ജനുവരി 9-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും ;

2015 മാർച്ച് 6-ാം തീയതി ആരംഭിച്ച് 2015 മാർച്ച് 23-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും ;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്താതിരിക്കുന്നപക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും ;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും, താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

## അദ്ധ്യായം I

### പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് 2014 മാർച്ച് 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ഓർഡിനൻസിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) ''ബോർഡ്'' എന്നാൽ 3-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെടുന്ന കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് എന്നർത്ഥമാകുന്നു;

(ബി) ''ദേവസ്വം ബോർഡ്'' എന്നാൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് അല്ലെങ്കിൽ കൊച്ചി ദേവസ്വം ബോർഡ് അല്ലെങ്കിൽ മലബാർ ദേവസ്വം ബോർഡ് അല്ലെങ്കിൽ ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി അല്ലെങ്കിൽ കൂടൽമാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റി എന്നർത്ഥമാകുന്നു;

(സി) ''സർക്കാർ'' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) ''പരമ്പരാഗത തസ്തികകൾ'' എന്നാൽ ഈ ഓർഡിനൻസിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള തസ്തികകൾ എന്നർത്ഥമാകുന്നു;

(ഇ) ''അംഗം'' എന്നാൽ ബോർഡിലെ ഒരു അംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു;

(എഫ്) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ഓർഡിനൻസിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## ബോർഡിന്റെ രൂപീകരണം

3. <u>ബോർഡിന്റെ രൂപീകരണം.</u>—(1) സർക്കാർ, ഈ ഓർഡിനൻസിന്റെ പ്രാരംഭ തീയതിക്കുശേഷം കഴിയുന്നത്ര വേഗം ഈ ഓർഡിനൻസിൻകീഴിൽ അതിന് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ഏൽപ്പിച്ചുകൊടുത്തിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനുംവേണ്ടി ഗസറ്റ് വിജ്ഞാപനംവഴി ''കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്'' എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ്.

(2) ബോർഡ് ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടുംകൂടിയ മേൽപ്പറഞ്ഞ പേരിലുള്ള സ്വതന്ത്രവും സ്വയംഭരണാവകാശത്തോടുകൂടിയതുമായ ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു.

(3) ബോർഡിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഹിന്ദുമതത്തിൽപ്പെട്ടതും ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്നവരുമായ അഞ്ച് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത സ്ഥാനം വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ ഒരാൾ ചെയർപേഴ്സൺ ആയിരിക്കേണ്ടതും മറ്റ് അംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ ഉള്ള ആൾ ആയിരിക്കേണ്ടതുമാണ്.

(4) ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത സ്ഥാനം വഹിക്കുന്ന ഒരാളെ ബോർഡിന്റെ സെക്രട്ടറിയായി സർക്കാരിന് നിയമിക്കാവുന്നതാണ്. അദ്ദേഹം ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ആയിരിക്കേണ്ടതും ബോർഡ് അധികാരപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

(5) ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കേണ്ടതാണ്.

4. അംഗത്വത്തിനുള്ള അയോഗ്യത.—നാമനിർദ്ദേശത്തിനാൽ ബോർഡിലെ അംഗമാകുന്നതിന് ഏതൊരാളും, അയാൾ,—

(i) ബുദ്ധിസ്ഥിരതയില്ലാത്തയാളോ;

(ii) അവിമുക്ത നിർദ്ധനനോ;

(iii) ഒരു തദ്ദേശാധികാരസ്ഥാനത്തിന്റെയോ ഒരു ദേവസ്വം ബോർഡിന്റെയോ ഒരു ഔദ്യോഗികസ്ഥാനം വഹിക്കുന്നയാളോ ഒരു ജീവനക്കാരനോ;

(iv) ബോർഡ് ഉൾപ്പെട്ടിട്ടുള്ളതും നിലവിലുള്ളതുമായ ഏതെങ്കിലും കരാറിൽ താൽപ്പര്യമുള്ള ആളോ ബോർഡിനുവേണ്ടി ഏതെങ്കിലും ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആളോ;

(v) സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന ഏതെങ്കിലും കുറ്റത്തിന് ഒരു ക്രിമിനൽ കോടതിയാൽ ശിക്ഷിക്കപ്പെട്ടിട്ടുള്ള ആളോ;

(vi) പാർലമെന്റിലോ ഏതെങ്കിലും സംസ്ഥാന നിയമസഭയിലോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലോ അംഗമായിട്ടുള്ള ആളോ;

(vii) ഒരു കോടതി ഉത്തരവുമൂലം ഏതെങ്കിലും ഔദ്യോഗികസ്ഥാനം വഹിക്കുന്നതിൽ നിന്നും നീക്കം ചെയ്യപ്പെട്ട ആളോ;

(viii) മദ്യത്തിന്റെ ഉൽപ്പാദനത്തിലോ വിപണനത്തിലോ ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിട്ടുള്ളതോ ആയ ആളോ,

ആണെങ്കിൽ അയോഗ്യനാക്കപ്പെടുന്നതാണ്.

5. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഉദ്യോഗകാലാവധിയും സേവന വ്യവസ്ഥകളും.—(1) ചെയർപേഴ്സണും മറ്റ് അംഗങ്ങൾക്കും അവർ ഔദ്യോഗിക സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ അഞ്ച് വർഷക്കാലം പൂർത്തിയാകുകയോ അവർക്ക് 65 വയസ്സ് തികയുകയോ, ഇതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത്, അതുവരെ ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതാണ്.

(2) ബോർഡിലെ ചെയർപേഴ്സണോ അംഗത്തിനോ ഏതു സമയത്തും സർക്കാരിന് സ്വന്തം കൈപ്പടയിൽ രേഖാമൂലം അറിയിപ്പ് നൽകിക്കൊണ്ട് അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(3) ഒരു താൽക്കാലിക ഒഴിവിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു അംഗത്തിന്റെ ഉദ്യോഗകാലാവധി ഏത് അംഗത്തിന്റെ ഒഴിവിലാണോ അദ്ദേഹം അപ്രകാരം നിയമിക്കപ്പെട്ടത്, ആ അംഗം ഉദ്യോഗം വഹിക്കുമായിരുന്ന കാലയളവിലേക്ക് മാത്രമായിരിക്കുന്നതാണ്.

(4) സർക്കാരിന് ഉത്തരവുമൂലം, ചെയർപേഴ്സണെയോ ഏതെങ്കിലും അംഗത്തിനെയോ, അദ്ദേഹം,—

(എ) ഒരു അവിമുക്ത നിർദ്ധനൻ ആയിത്തീരുകയോ;

(ബി) സർക്കാരിന്റെ അഭിപ്രായത്തിൽ സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെട്ട് തടവ് ശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ;

(സി) ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്യുകയോ;

(ഡി) ജോലി ചെയ്യുവാൻ വിസമ്മതിക്കുകയോ ജോലി ചെയ്യുവാൻ കഴിവില്ലാതായിത്തീരുകയോ;

(ഇ) ബോർഡിൽനിന്നും അനുമതി നേടാതെ ബോർഡിന്റെ തുടർച്ചയായുള്ള മൂന്ന് യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുകയോ;

(എഫ്) തൽസ്ഥാനത്ത് തുടരുന്നത് ബോർഡിന്റെ താൽപ്പര്യത്തിനോ പൊതുതാൽപ്പര്യത്തിനോ ഹാനികരമാകത്തക്കവിധം ഔദ്യോഗികപദവി ദുരുപയോഗം ചെയ്തതായി സർക്കാരിന് ബോദ്ധ്യമാവുകയോ,

ചെയ്യുന്നപക്ഷം ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പിൻകീഴിൽ യാതൊരാളെയും അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകാതെ നീക്കം ചെയ്യാൻ പാടുള്ളതല്ല.

(5) (2)-ാം ഉപവകുപ്പിൻകീഴിലോ മറ്റു വിധത്തിലോ ഉണ്ടായ ഒരു ഒഴിവ്, പുതിയ നാമനിർദ്ദേശംവഴി നികത്തേണ്ടതാണ്.

(6) ചെയർമാനായോ അംഗമായോ ഒരിക്കൽ നിയമിക്കപ്പെട്ട ഒരാൾക്ക് പുനർ നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(7) ചെയർപേഴ്സണും അംഗങ്ങളും മുഴുവൻസമയ ഉദ്യോഗസ്ഥരായിരിക്കുന്നതും അവർക്ക് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള ശമ്പളത്തിനും ബത്തകൾക്കും അർഹതയുണ്ടായിരിക്കുന്നതുമാണ്.

6. ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം.—(1) ബോർഡിന്റെ ശരിയായ നടത്തിപ്പിനാവശ്യമായ താഴെപ്പറയുന്ന ഉദ്യോഗസ്ഥരെയും ജീവനക്കാരെയും സർക്കാരിന് നിയമിക്കാവുന്നതാണ്, അതായത്:—

(എ) നിയമവകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ലാ ആഫീസർ;

(ബി) ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഫിനാൻസ് ആഫീസർ;

(സി) ഈ ഓർഡിനൻസ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ബോർഡിനെ സഹായിക്കുന്നതിന് ആവശ്യമെന്ന് കരുതുന്ന നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥരും ജീവനക്കാരും.

(2) ബോർഡിലെ ഉദ്യോഗസ്ഥരും ജീവനക്കാരും ഹിന്ദുമതത്തിൽപ്പെടുന്നവരും ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്നവരും ആയിരിക്കേണ്ടതാണ്.

(3) ബോർഡിലെ ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും സേവനം സംബന്ധിച്ച മറ്റു നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

(4) ബോർഡ് രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുമ്പോൾ താൽക്കാലികമായി ഡെപ്യൂട്ടേഷൻ മുഖാന്തിരം സർക്കാരിന് ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം നടത്താവുന്നതാണ്.

(5) ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനരീതിയും ശമ്പളവും അലവൻസുകളും അച്ചടക്കവും മറ്റ് സേവന വ്യവസ്ഥകളും സംബന്ധിച്ച് സർക്കാർ ജീവനക്കാർക്ക് ബാധകമായ ചട്ടങ്ങൾ ബോർഡിലെ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ബാധകമാകുന്നതാണ്.

7. ഒഴിവുകൾ മുതലായവ ബോർഡിന്റെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന്.— ബോർഡിന്റെ യാതൊരു പ്രവൃത്തിയും അല്ലെങ്കിൽ നടപടികളും ബോർഡിൽ ഏതെങ്കിലും ഒഴിവോ അതിന്റെ രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനതയോ ഉണ്ടെന്ന കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

8. ബോർഡിന്റെ യോഗങ്ങൾ.—(1) ചെയർപേഴ്സണ് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള സ്ഥലത്തും സമയത്തും, ആവശ്യമായി വരുമ്പോഴെല്ലാം, ബോർഡിന്റെ യോഗം ചേരേണ്ടതാണ്.

(2) ചെയർപേഴ്സന്റെ ശിപാർശയിന്മേൽ ബോർഡിന്റെ സെക്രട്ടറി ബോർഡിന്റെ യോഗം വിളിച്ചുകൂട്ടേണ്ടതാണ്.

(3) ബോർഡിന്റെ യോഗങ്ങളിൽ ചെയർപേഴ്സണും അദ്ദേഹത്തിന്റെ അഭാവത്തിൽ ഹാജരായിട്ടുള്ള അംഗങ്ങൾ അവർക്കിടയിൽനിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗവും ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(4) ഒരു യോഗത്തിന്റെ ക്വാറം, ചെയർപേഴ്സൺ ഉൾപ്പെടെ മൂന്ന് ആയിരിക്കേണ്ടതാണ്.

(5) സെക്രട്ടറി ഓരോ യോഗത്തിന്റെയും നടപടിക്രമങ്ങളുടെ മിനിട്സ് ഈ ആവശ്യത്തിലേക്കായുള്ള ഒരു ബുക്കിൽ സൂക്ഷിക്കേണ്ടതും അതിൽ ചെയർപേഴ്സണും അല്ലെങ്കിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ആളും ആ യോഗത്തിൽ ഹാജരായ എല്ലാ അംഗങ്ങളും ഒപ്പ് വയ്ക്കേണ്ടതുമാണ്.

## അദ്ധ്യായം III

## ബോർഡിന്റെ ചുമതലകളും അധികാരങ്ങളും

൭. ബോർഡിന്റെ ചുമതലകൾ.—(1) ബോർഡിന് താഴെപ്പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) ദേവസ്വം ബോർഡിലെ തസ്തികകളിലേക്ക് ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള മറ്റേതെങ്കിലും ആക്റ്റിലോ ചട്ടങ്ങളിലോ റെഗുലേഷനുകളിലോ ഉത്തരവുകളിലോ വിധിന്യായത്തിലോ ഡിക്രിയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയിഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെയുള്ള മറ്റു വിവിധ തസ്തികകളിലേക്ക് ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനാവശ്യമായ സെലക്റ്റ് ലിസ്റ്റ് ഈ ഓർഡിനൻസിലെയും ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾ പ്രകാരം ബോർഡ് തയ്യാറാക്കേണ്ടതാണ്;

(ii) ദേവസ്വം ബോർഡിന് കീഴിലുള്ള പരമ്പരാഗത തസ്തികകൾ ഒഴികെയുള്ള വിവിധ തസ്തികകളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടി, ബന്ധപ്പെട്ട ദേവസ്വം ബോർഡിൽനിന്നും അങ്ങനെയുള്ള പരീക്ഷയ്ക്കുവേണ്ടിയുള്ള അഭ്യർത്ഥന ലഭിക്കുന്ന മുറയ്ക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അപേക്ഷകൾ ക്ഷണിക്കുകയും ഉദ്യോഗാർത്ഥികളുടെ എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തുകയും സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യുക;

(iii) ചോദ്യപേപ്പറുകൾ തയ്യാറാക്കൽ, പരീക്ഷയുടെ മേൽനോട്ടവും മൂല്യനിർണ്ണയവും, ഇന്റർവ്യൂവിന്റെ നടത്തിപ്പ്, സെലക്റ്റ് ലിസ്റ്റിന്റെ തയ്യാറാക്കൽ എന്നിവ ഉൾപ്പെടെ പരീക്ഷയുമായി ബന്ധപ്പെട്ട് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്യുക;

(iv) സർക്കാർ ഭരമേൽപ്പിച്ച പ്രകാരം ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും പരീക്ഷ നടത്തുക;

(v) ബന്ധപ്പെട്ട ദേവസ്വം ബോർഡുകളിൽനിന്നും പരീക്ഷയുമായി ബന്ധപ്പെട്ട് വിശദാംശങ്ങൾ ആവശ്യപ്പെടുകയും കരസ്ഥമാക്കുകയും ചെയ്യുക.

(2) പരീക്ഷയുടെ ശരിയായ നടത്തിപ്പിനും ചോദ്യപേപ്പർ തയ്യാറാക്കുന്നതിലും മൂല്യനിർണ്ണയത്തിലും ഇന്റർവ്യൂ ചെയ്യേണ്ട ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിലും ദേവസ്വം ബോർഡിന് ലഭ്യമാക്കേണ്ടതായ അന്തിമ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിലും മറ്റ് ബന്ധപ്പെട്ട വിഷയങ്ങളിലും രഹസ്യം സൂക്ഷിക്കുന്നതിനും പരീക്ഷകളുടെ രേഖകൾ ഭദ്രമായി സൂക്ഷിക്കുന്നതിനും ബോർഡ് ഉത്തരവാദിയായിരിക്കുന്നതാണ്.

(3) (i) അപേക്ഷകൾ നൽകിയ ഉദ്യോഗാർത്ഥികൾക്ക് ബോർഡ് എഴുത്തുപരീക്ഷ നടത്തേണ്ടതും ആവശ്യമെങ്കിൽ ഇന്റർവ്യൂ നടത്തി ലിസ്റ്റുകൾ തയ്യാറാക്കേണ്ടതുമാണ്;

(ii) ഏതെങ്കിലും ദേവസ്വം ബോർഡിന് വേണ്ടിയോ അല്ലെങ്കിൽ എല്ലാ ദേവസ്വം ബോർഡുകൾക്കും വേണ്ടിയോ, പ്രസ്തുത ആവശ്യത്തിന് അനുയോജ്യമായ രീതിയിൽ, പരീക്ഷ നടത്താവുന്നതാണ്;

(iii) അപേക്ഷകന് ഒന്നിൽക്കൂടുതൽ തസ്തികകളിലേക്കോ ഒന്നിൽ കൂടുതൽ ദേവസ്വം ബോർഡുകളിലേക്കോ അപേക്ഷിക്കുന്നപക്ഷം, അങ്ങനെയുള്ള അപേക്ഷകന് ഒന്നിൽക്കൂടുതൽ പരീക്ഷകളിൽ ഹാജരാകുന്നതിനുള്ള അവകാശം നിഷേധിക്കുവാൻ പാടുള്ളതല്ല.

(4) ദേവസ്വം ബോർഡിലെ വിവിധ തസ്തികകളിലേക്ക് സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കൽ, എഴുത്തുപരീക്ഷ നടത്തൽ, ഇന്റർവ്യൂ നടത്തേണ്ടതായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കൽ, ഇന്റർവ്യൂ നടത്തിപ്പ്, സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കൽ മുതലായ പരീക്ഷയുമായി ബന്ധപ്പെട്ട് ബോർഡ് പാലിക്കേണ്ട നടപടിക്രമങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

(5) ബോർഡിന്റെ ചുമതലകൾക്ക് ആനുഷംഗികമായതും പരീക്ഷയുടെ നടത്തിപ്പിന് ആവശ്യമായതുമായ ദേവസ്വം ബോർഡുകൾക്കുള്ള പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ ബോർഡിന് പുറപ്പെടുവിക്കാവുന്നതാണ്.

(6) നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ തയ്യാറാക്കിയ സെലക്റ്റ് ലിസ്റ്റ് ദേവസ്വം ബോർഡിന് നൽകേണ്ടത് ബോർഡിന്റെ ചുമതലയായിരിക്കുന്നതാണ്.

## അദ്ധ്യായം IV

## ബോർഡിന്റെ ചെലവുകളും ബഡ്ജറ്റും കണക്കുകളും ആഡിറ്റും

10. ബോർഡിന്റെ ചെലവുകൾ.—ബോർഡിന്റെ ചെയർപേഴ്സണും അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും നൽകേണ്ട ശമ്പളവും അലവൻസുകളും പെൻഷനും ഉൾപ്പെടെയുള്ള ബോർഡിന്റെ ചെലവുകൾ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും വഹിക്കേണ്ടതാണ്.

11. ബോർഡിലേക്കുള്ള ധനവിനിയോഗം.—സർക്കാർ, സംസ്ഥാന നിയമസഭയിൽ ഇതിലേക്കായി, നിയമംമൂലം, യഥാവിധി ധനവിനിയോഗം നടത്തിയതിനുശേഷം ഈ ഓർഡിനൻസ് പ്രകാരമുള്ള ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനായി ആവശ്യമെന്ന് കരുതുന്ന പ്രകാരമുള്ള തുക ബോർഡിന് നൽകേണ്ടതാണ്.

12. ബഡ്ജറ്റ്.—ബോർഡ് ഓരോ സാമ്പത്തികവർഷവും അടുത്ത സാമ്പത്തിക വർഷത്തേക്ക് പ്രതീക്ഷിക്കാവുന്ന വരവ് ചെലവുകളെ സംബന്ധിച്ച് ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതും അപ്രകാരം തയ്യാറാക്കിയ ബഡ്ജറ്റിന്റെ, സർക്കാർ ആവശ്യപ്പെടുന്ന അത്രയും പകർപ്പുകൾ, ഓരോ സാമ്പത്തിക വർഷവും ആരംഭിച്ച് രണ്ട് മാസത്തിനുള്ളിൽ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

13. കണക്കുകളും ആഡിറ്റും.—(1) ബോർഡ്, ശരിയായ കണക്കുകളും മറ്റ് പ്രസക്ത രേഖകളും വച്ചുപോരേണ്ടതും അക്കൗണ്ടന്റ് ജനറലുമായി കൂടിയാലോചിച്ച് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) ബോർഡിന്റെ അക്കൗണ്ടുകൾ, അക്കൗണ്ടന്റ് ജനറൽ വർഷംതോറും ആഡിറ്റ് നടത്തേണ്ടതും അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ടുണ്ടാകുന്ന ചെലവ് ബോർഡ് അക്കൗണ്ടന്റ് ജനറലിന് നൽകേണ്ടതുമാണ്.

(3) അക്കൗണ്ടന്റ് ജനറലിനും ഈ ഓർഡിനൻസിൻകീഴിൽ ബോർഡിന്റെ അക്കൗണ്ടുകളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് അദ്ദേഹം നിയമിക്കുന്ന ഏതൊരാൾക്കും, സാധാരണയായി അക്കൗണ്ടന്റ് ജനറലിന്, സർക്കാർ അക്കൗണ്ടുകൾ ആഡിറ്റ് ചെയ്യുമ്പോഴുള്ള അതേ അധികാരങ്ങളും വിശേഷാവകാശങ്ങളും ഉണ്ടായിരിക്കുന്നതും, പ്രത്യേകിച്ചും ബുക്കുകളും അക്കൗണ്ടുകളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റ് രേഖകളും പേപ്പറുകളും ഹാജരാക്കുന്നതിന് ആവശ്യപ്പെടാനും ബോർഡിന്റെ ഏതൊരു ആഫീസും പരിശോധിക്കുന്നതിനുമുള്ള അധികാരമുണ്ടായിരിക്കുന്നതുമാണ്.

(4) അക്കൗണ്ടന്റ് ജനറലോ അദ്ദേഹം ഈ ആവശ്യത്തിലേക്കായി നിയോഗിച്ച മറ്റേതെങ്കിലും ആളോ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള ബോർഡിന്റെ അക്കൗണ്ടുകൾ അതിൻമേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം ബോർഡ് വർഷംതോറും സർക്കാരിന് അയച്ചുകൊടുക്കേണ്ടതും സർക്കാർ അത് ലഭിച്ച തീയതി മുതൽ ആറുമാസക്കാലത്തിനകം ആയത് നിയമസഭ മുമ്പാകെ വയ്പിക്കേണ്ടതുമാണ്.

14. വാർഷിക റിപ്പോർട്ട്.—ബോർഡ് മുൻ സാമ്പത്തികവർഷത്തിലെ അതിന്റെ പ്രവർത്തനങ്ങളുടെ പൂർണ്ണവിവരം നൽകുന്ന വാർഷിക റിപ്പോർട്ട് ഓരോ സാമ്പത്തിക വർഷത്തേക്കും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും സമയത്തും തയ്യാറാക്കേണ്ടതും ആയതിന്റെ ഒരു പകർപ്പ് സർക്കാരിലേക്ക് നേരിട്ട് അയച്ചു കൊടുക്കേണ്ടതുമാണ്.

## അദ്ധ്യായം V

### പലവക

15. ബോർഡിന്റെ ചെയർപേഴ്സണും മെമ്പർമാരും ജീവനക്കാരും പബ്ലിക് സെർവന്റുമാർ ആയിരിക്കണമെന്ന്.—ബോർഡിന്റെ ചെയർപേഴ്സണും മെമ്പർമാരും ജീവനക്കാരും 1860-ലെ ഇന്ത്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽ വരുന്ന ഒരു പബ്ലിക് സെർവന്റായി കരുതപ്പെടുന്നതാണ്.

16. വൈഷമ്യങ്ങൾ നീക്കംചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം അങ്ങനെയുള്ള വൈഷമ്യം നീക്കംചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്നതും ഈ ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ഓർഡിനൻസിന്റെ പ്രാരംഭ തീയതി മുതൽ രണ്ടു വർഷക്കാലത്തിനുശേഷം പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം കഴിയുന്നത്ര വേഗം നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

17. റെഗുലേഷനുകളുണ്ടാക്കുവാനുള്ള അധികാരം.—ബോർഡിന്, സർക്കാരിന്റെ മുൻകൂർ അനുമതിയോടെ പരീക്ഷയുടെ ശരിയായ നടത്തിപ്പിന് ആവശ്യമായ റെഗുലേഷനുകൾ പുറപ്പെടുവിക്കാവുന്നതാണ്.

18. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ഈ ഓർഡിനൻസിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, പിൽക്കാലപ്രാബല്യത്തോടുകൂടിയോ മുൻകാലപ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ചട്ടങ്ങളിൽ, പ്രത്യേകിച്ചും മേൽപ്പറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗംവരാതെയും താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) 2-ാം വകുപ്പ് (ഡി) ഖണ്ഡപ്രകാരമുള്ള പരമ്പരാഗത തസ്തികകൾ;

(ബി) 5-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരം ചെയർപേഴ്സണും അംഗങ്ങൾക്കും 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (സി) ഖണ്ഡവും (3)-ാം ഉപവകുപ്പും പ്രകാരം ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും അവരുടെ സേവനം സംബന്ധിച്ച മറ്റ് നിബന്ധനകളും വ്യവസ്ഥകളും;

(സി) 9-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം പരീക്ഷയുടെ ശരിയായ നടത്തിപ്പിനുള്ള നടപടിക്രമം;

(ഡി) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം തയ്യാറാക്കേണ്ടതായ കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റിന്റെ ഫാറം;

(ഇ) 14-ാം വകുപ്പ് പ്രകാരം വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതായ ഫാറവും സമയവും;

(എഫ്) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതികൾ.

(3) ഈ ഓർഡിനൻസ് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന, ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

19. റദ്ദാക്കലും ഒഴിവാക്കലും.—(1) 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ് (2015-ലെ 1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ഓർഡിനൻസ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

പി. സദാശിവം,
*ഗവർണ്ണർ.*

GOVERNMENT OF KERALA

**Law (Legislation-B) Department**

NOTIFICATION

No. 6764/Leg. B1/2015/Law. *Dated, Thiruvananthapuram, 10th April, 2015 / 27th Meenam, 1190 / 20th Chaithra 1937.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in the English language of the Kerala Devaswom Recruitment Board Ordinance, 2015 (5 of 2015).

By order of the Governor,

C. Remani,
*Special Secretary (Law).*

[Translation in English of "2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ്" published under the authority of the Governor.]

**ORDINANCE No. 5 OF 2015**

THE KERALA DEVASWOM RECRUITMENT BOARD ORDINANCE, 2015

Promulgated by the Governor of Kerala in the Sixty-sixth Year of the Republic of India.

*AN*

*ORDINANCE*

*to provide for the constitution of an autonomous Devaswom Recruitment Board to prepare select list of candidates for the appointments in various posts except hereditary posts and the posts in aided educational institutions in Devaswom Boards of the State of Kerala and to provide for matters connected therewith or incidental thereto.*

*Preamble.*—WHEREAS, the Kerala Devaswom Recruitment Board Ordinance, 2014 (10 of 2014) was promulgated by the Governor of Kerala on the 1st day of March, 2014;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by the Legislative Assembly of the State of Kerala during its session which commenced on the 9th day of June, 2014 and ended on the 17th day of July, 2014;

AND WHEREAS, inorder to keep alive the provisions of the said Ordinance, the Kerala Devaswom Recruitment Board Ordinance, 2014 (14 of 2014) was promulgated by the Governor of Kerala on the 20th day of July, 2014;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by the Legislative Assembly of the State of Kerala during its session which commenced on the 1st day of December, 2014 and ended on the 18th day of December, 2014;

AND WHEREAS, inorder to keep alive the provisions of the said Ordinance, the Kerala Devaswom Recruitment Board Ordinance, 2015 (1 of 2015) was promulgated by the Governor of Kerala on the 9th day of January, 2015;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by the Legislative Assembly of the State of Kerala during its session which commenced on the 6th day of March, 2015 and ended on the 23rd day of March, 2015;

AND WHEREAS, difficulties will arise if the provisions of the said Ordinance are not kept alive;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

## CHAPTER I

## PRELIMINARY

1. *Short title and commencement.*—(1) This Ordinance may be called the Kerala Devaswom Recruitment Board Ordinance, 2015.

(2) It shall be deemed to have come into force on the 1st day of March, 2014.

2. *Definitions.*—In this Ordinance, unless the context otherwise requires,—

(a) "Board" means the Kerala Devaswom Recruitment Board constituted under section 3;

(b) "Devaswom Board" means the Travancore Devaswom Board or Cochin Devaswom Board or Malabar Devaswom Board or Guruvayoor Devaswom Managing Committee or Koodalmanickam Devaswom Managing Committee;

(c) "Government" means the Government of Kerala;

(d) "hereditary posts" mean such posts as may be prescribed by the rules made under this Ordinance;

(e) "Member" means a member of the Board and includes the Chairperson;

(f) "prescribed" means prescribed by rules made under this Ordinance.

## Chapter II

## CONSTITUTION OF THE BOARD

3. *Constitution of the Board.*—(1) The Government shall, as soon as may be, after the commencement of this Ordinance, by notification in the Gazette constitute a Board to be known as the "Kerala Devaswom Recruitment Board" to exercise the powers conferred on it and to perform the functions under this Ordinance.

(2) The Board shall be an independent and autonomous body corporate in the name aforesaid, having perpetual succession and common seal and shall in the said name, sue and be sued.

(3) The Board shall consist of five members nominated by the Government, who belong to Hindu religion and having faith in God and temple rituals. One person who is or has been holding a post not below the rank of the Secretary to Government shall be the Chairperson and among other members one shall be a woman and one shall be a member belonging to Scheduled Caste or Scheduled Tribe.

(4) The Government may appoint a person holding the post of Additional Secretary to Government as the Secretary to the Board. He shall be the Chief Executive Officer of the Board and shall exercise such powers and discharge such functions as may be authorised by the Board.

(5) The headquarters of the Board shall be at Thiruvananthapuram.

4. *Disqualification for membership.*—Any person shall be disqualified to be a member of the Board by nomination, if he,—

(i) is of unsound mind; or

(ii) is an undischarged insolvent; or

(iii) is an office-bearer or an employee of a Local Self Government Institution or a Devaswom Board; or

(iv) is interested in an existing contract in which the Board is involved or is engaged in any work on behalf of the Board; or

(v) has been convicted by a criminal court for any offence involving moral turpitude; or

(vi) is a Member of the Parliament or of the Legislature of any State or of a Local Self Government Institution; or

(vii) has been removed from holding any office in pursuance of a court order; or

(viii) is or has been engaged in the production or sale of liquor.

5. *Term of Office and conditions of service of the Chairperson and Members.*—(1) The Chairperson and other members may continue in office till the completion of a period of five years from the date on which they assume office, or till they attain 65 years of age, whichever occurs earlier.

(2) The Chairperson or Member of the Board may, at any time, resign his office by giving written intimation to the Government under his hand.

(3) The term of office of a member nominated to fill a temporary vacancy shall be only for the period during which that member in whose vacancy he was nominated, would have held office.

(4) The Government may, by order, remove the Chairperson or any member from office, if that person,—

(a) becomes an undischarged insolvent; or

(b) has been convicted and sentenced to imprisonment for an offence which, in the opinion of the Government, involves moral turpitude; or

(c) becomes of unsound mind and stands so declared by a competent Court; or

(d) refuses to work or becomes incapable to work; or

(e) does not attend three consecutive meetings of the Board without permission of the Board; or

(f) has, in the opinion of the Government, so abused his official position as to render his continuance in that post detrimental to the interest of the Board or public interest:

Provided that no person shall be removed under this sub-section unless that person has been given a reasonable opportunity of being heard.

(5) A vacancy occurred under sub-section (2) or otherwise shall be filled by fresh nomination.

(6) A person once appointed as Chairperson or Member is not eligible for re-appointment.

(7) The Chairperson and Members shall be fulltime officers and shall be eligible to such salary and allowances as may be prescribed.

6. *Appointment of officers and employees of the Board.*—(1) The Government may, appoint the following officers and employees necessary for the proper management of the Board, namely:—

(a) a Law Officer not below the rank of Joint Secretary to Government in the Law Department;

(b) a Finance Officer not below the rank of Joint Secretary to Government in the Finance Department; and

(c) such other officers and employees as may be prescribed and considered necessary for assisting the Board to exercise the powers and perform the functions under this Ordinance.

(2) The officers and employees of the Board shall belong to Hindu religion and shall have faith in God and temple rituals.

(3) The salary and allowances payable to, and other terms and conditions of service of, the officers and employees of the Board shall be such as may be prescribed.

(4) Appointment of officers and employees may be made by Government provisionally through deputation when the Board is constituted and starts functioning.

(5) The rules applicable to the Government employees regarding the method of appointment, salary and allowances, discipline and other conditions of service shall be applicable to the officers and employees of the Board.

7. *Vacancies etc. not to invalidate proceedings of the Board.*—No act or proceeding of the Board shall become invalid on the sole ground of the existence of any vacancy or defect in the constitution of the Board.

8. *Meetings of the Board.*—(1) The Board shall meet whenever necessary, at such place and time, as the Chairperson may deem fit.

(2) The meeting of the Board shall be convened by the Secretary of the Board on the recommendation of the Chairperson.

(3) Meetings of the Board shall be presided over by the Chairperson and in his absence by a Member chosen by the Members present from among themselves.

(4) The quorum for a meeting shall be three including the Chairperson.

(5) The Secretary shall keep the minutes of the proceedings of each meeting in a book maintained for the purpose, which shall be signed by the Chairperson or the person presiding and all the members present at such meeting.

## CHAPTER III

## FUNCTIONS AND POWERS OF THE BOARD

9. *Functions of the Board.*—(1) The Board shall have the following functions, namely:—

(i) notwithstanding anything contained in any existing Act or Rules or Regulations or orders or judgment or decree with regard to the appointment of candidates to the posts in the Devaswom Board, the Board shall prepare select list for the appointment of candidates to various posts other than the hereditary posts and posts in the aided educational institutions in the Devaswom Boards as per the provisions of this Ordinance, Rules and Regulations;

(ii) to invite applications, to conduct written examination and interview of candidates and to prepare select list for selection to the various posts except the hereditary posts under the Devaswom Board, as may be prescribed, as and when the requisition for such examination is received from the Devaswom Board concerned;

(iii) to make all required arrangements in connection with the examination including the preparation of question papers, supervision of examinations, valuation, conduct of interview and preparation of select list;

(iv) to conduct any other examination relating to Devaswom Board as entrusted by the Government;

(v) to call for and obtain details regarding the examination from the Devaswom Board concerned.

(2) The Board shall be responsible for the proper conduct of the examination, to maintain the secrecy in the preparation of question paper, valuation, preparation of list of candidates to be interviewed and preparation of final select list to be furnished to the Devaswom Board and other connected matters and for the safe custody of the records pertaining to the examinations.

(3) (i) The Board shall conduct written examination to the candidates who had submitted applications and if necessary prepare lists after conducting interview;

(ii) Examination may be conducted for any Devaswom Board or for all the Devaswom Boards in the manner suitable for the said purpose;

(iii) An applicant who applies for more than one post or to more than one Devaswom Board, shall not be denied the right to appear in more than one examination.

(4) The procedure to be followed by the Board with regard to invitation of applications, conduct of written examination, preparation of list of candidates whose interview has to be conducted, conduct of interview and preparation of select list to various posts in the Devaswom Board shall be such as may be prescribed.

(5) The Board may issue general guidelines to the Devaswom Boards incidental to the functions of the Board and necessary for the conduct of examinations.

(6) It shall be the duty of the Board to furnish the select list to the Devaswom Board prepared in such manner as may be prescribed.

## CHAPTER IV

## EXPENDITURE, BUDGET, ACCOUNTS AND AUDIT OF THE BOARD

10. *Expenditure of the Board.*—The expenditure of the Board including the salary, allowances and pension payable to the Chairperson, Members and Officers of the Board shall be met from the Consolidated Fund of the State.

11. *Appropriation to the Board.*—The Government shall, after due appropriation made by law for this purpose in the State Legislative Assembly, grant such amount to the Board as deemed necessary for utilisation for the purposes under this Ordinance.

12. *Budget.*—The Board shall prepare in each financial year a budget containing anticipated income and expenditure for the next financial year and shall submit to the Government within two months from the commencement of each financial year, such number of copies of the budget so prepared, as may be required by the Government.

13. *Accounts and Audit.*—(1) The Board shall maintain proper accounts and other relevant records and prepare annual statement of accounts in such form as may be prescribed in consultation with the Accountant General.

(2) The accounts of the Board shall be audited annually by the Accountant General and expenditure incurred in respect of such audit shall be payable by the Board to the Accountant General.

(3) The Accountant General and any person appointed by him in connection with the audit of accounts of the Board under this Ordinance shall have the same rights and privileges as the Accountant General generally has in connection with the audit of Government accounts and, in particular shall have the right to demand the production of books, accounts, connected vouchers and other documents and papers and to inspect any office of the Board.

(4) The accounts of the Board, as certified by the Accountant General or any other person appointed by him in this behalf, together with the audit report thereon shall be forwarded annually to the Government by the Board and the Government shall cause the report to be laid before the Legislative Assembly within a period of six months from the date of its receipt.

14. *Annual Report.*—The Board shall, for each financial year, prepare annual report containing complete information of its activities in the previous financial year in such form and time as may be prescribed and shall also forward a copy of it directly to the Government.

## CHAPTER V

## MISCELLANEOUS

15. *Chairperson, Members and Employees of the Board to be public servants.*—The Chairperson, Members and Employees of the Board shall be deemed to be public servants within the meaning of section 21 of the Indian Penal Code, 1860 (Central Act 45 of 1860).

16. *Power to remove difficulties.*—(1) If any difficulty arises in giving effect to the provisions of this Ordinance, the Government may, by order published in the Gazette, make provisions not inconsistent with the provisions of this Ordinance which appear to it to be necessary or expedient, for removing the difficulty:

Provided that no such order shall be made after the expiry of a period of two years from the date of commencement of this Ordinance.

(2) Every order made under this section shall, as soon as may be after it is made, be laid before the Legislative Assembly.

17. *Power to make regulations.*—The Board may, with prior approval of the Government, issue necessary regulations for the proper conduct of examination.

18. *Power to make rules.*—(1) The Government may, by notification in the Gazette, make rules, either prospectively or retrospectively, for carrying out the purposes of this Ordinance.

(2) In particular, and without prejudice to the generality of the foregoing powers, such rules may provide for all or any of the following matters, namely:—

(a) hereditary posts under clause (d) of section 2;

(b) salaries and allowances payable to the Chairperson and Members under sub-section (7) of section 5 and salaries and allowances payable to officers and other employees under clause (c) of sub-section (1) and sub-section (3) of section 6 and other terms and conditions of their service;

(c) the procedure for the proper conduct of examination under sub-section (4) of section 9;

(d) the form in which the annual statement of accounts shall be prepared under sub-section (1) of section 13;

(e) the form in which, and the time at which the annual report shall be prepared under section 14;

(f) any other matter which is to be or may be, prescribed.

(3) Every rule made under this Ordinance shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be; so however that any such modification or annulment shall be without prejudice to the validity of anything previously done under that rule.

19. *Repeal and saving.*—(1) The Kerala Devaswom Recruitment Board Ordinance, 2015 (1 of 2015) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the said Ordinance shall be deemed to have been done or taken under this Ordinance.

P. SATHASIVAM,
*GOVERNOR.*